# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃത്താല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം.കെ.എസ്.എ-(പികെഡി) പി 20/1695/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 29/11/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃത്താല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ-(പികെഡി) പി 20/1695/2023 തീയ്യതി: 29/11/2023

## പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2023 മുതൽ 25-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 26-09-2023 | 06-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 26-09-2023 | 06-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.ആർ.പ്രകാശ് ബാബു,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)

ശ്രുമതി.എ.നസീറാ ബാനു,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.വി.ആർ.ഷീജ,സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ടി.കെ.അശ്വിനി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.പി.കെ.ജയ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.പി.എ.താജു | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുഭാഷ് എം.കെ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.നിഖിൽ റോയ് | അസി.എഞ്ചിനീയർ,LIDEW | 01-04-2022 | 31-03-2023 |
| ശ്രീമതി.സുനിത കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ജയറാം പി | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.പ്രദീപ് ജേക്കബ് | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ടി.ബി ദീപ്തി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്മിത എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 20-05-2022 |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21-05-2022 | 23-05-2022 |
| ശ്രീ.പ്രദീപ് സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24-05-2022 | 31-03-2023 |
| ഡോ.വിപിൻ കിഷോർ പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 01-05-2022 |
| ഒഴിവ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 02-05-2022 | 04-05-2022 |
| ഡോ.ഷബ്ന ടി.എച്ച് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 05-05-2022 | 31-03-2023 |
| ശ്രീമതി.സീനത്ത് കെ.ടി | കൃഷി ഓഫീസർ | 01-04-2022 | 08-08-2022 |
| ഒഴിവ് | കൃഷി ഓഫീസർ | 09-08-2022 | 31-08-2022 |
| ശ്രീമതി.ആയില്യ കെ | കൃഷി ഓഫീസർ | 01-09-2022 | 06-10-2022 |
| ശ്രീമതി.അശ്വതി സി | കൃഷി ഓഫീസർ | 07-10-2022 | 31-03-2023 |
| ശ്രീ.കെ.ബി.സന്തോഷ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ശ്രീകല.ഇ.എസ്. | പ്രധാന അദ്ധ്യാപിക | 01-04-2022 | 31-03-2023 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഡിമാന്റ് -കളക്ഷൻ -ബാലൻസ് തുക രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-4 |
| 6 | ചെക്കുകൾ കളക്ഷൻ ആയിട്ടില്ല | 1-1-5 |
| 7 | കാലാവധി കഴിഞ്ഞ ചെക്കുകളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-1-6 |
| 8 | 34,000രൂപ ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തിരിക്കുന്നു | 1-1-7 |
| 9 | കാലാവധി കഴിയാത്ത ചെക്കുകളെ “Stale Cheque” എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി | 1-1-8 |
| 10 | രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-9 |
| 11 | ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ വ്യത്യാസം | 1-1-10 |
| 12 | RP(40b) പ്രകാരമുള്ള നീക്കിയിരിപ്പും B-4 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | തൊഴിൽനികുതി ഈടാക്കിയതിലുള്ള അപാകതകൾ | 1-11 |
| 23 | ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല | 1-11-1 |
| 24 | തൊഴിൽ നികുതി ഓൺലൈൻ ആയി ഒടുക്കുന്നതിനുള്ള പോർട്ടൽ രൂപീകരണം | 1-11-2 |

| | | |
|---|---|---|
| 25 | തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. | 1-11-3 |
| 26 | തൊഴിൽനികുതി വരവ് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട രേഖകളോ റിട്ടേണുകളോ ഹാജരാക്കിയിട്ടില്ല | 1-11-4 |
| 27 | വസ്തുനികുതി നിർണ്ണയം അപാകതകൾ | 1-12 |
| 28 | വസ്തുനികുതി കുറവായി ഈടാക്കി | 1-12-1 |
| 29 | വിവിധ ഉപയോഗങ്ങൾക്ക് ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളെ സഞ്ചയയിൽ പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തി | 1-12-2 |
| 30 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-12-3 |
| 31 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചതിനുശേഷവും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു | 1-12-4 |
| 32 | വസ്തുനികുതി പരിഷ്കരണം 2023- അവലോകനം | 1-12-5 |
| 33 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ- നടപടിക്രമങ്ങളിലെ അപാകതകൾ | 1-13 |
| 34 | അനധികൃത കെട്ടിടനിർമ്മാണം- രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-13-1 |
| 35 | നിയമാനുസൃതം ഈടാക്കേണ്ട നികുതി ഈടാക്കിയിട്ടില്ല | 1-13-2 |
| 36 | അനധികൃത കെട്ടിടങ്ങൾ- തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-13-3 |
| 37 | വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ | 1-14 |
| 38 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടക – കുടിശ്ശികയിൽ കൃത്യതയില്ല | 1-14-1 |
| 39 | വാടക-ബൈലോ ഹാജരാക്കേണ്ടതാണ് | 1-14-2 |
| 40 | വാടക എഗ്രിമെന്റ് ഹാജരാക്കേണ്ടതാണ് | 1-14-3 |
| 41 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് -അപാകതകൾ | 1-15 |
| 42 | ILGMS സോഫ്റ്റ് വെയറിൽ ലൈസൻസ് രേഖകൾ അപ് ലോഡ് ചെയ്യുകയോ ഹാർഡ് കോപ്പി ലഭ്യമാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ പരിശോധന സാദ്ധ്യമായിട്ടില്ല | 1-15-1 |
| 43 | സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് ഹാജരാക്കേണ്ടതാണ് | 1-15-2 |
| 44 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടച്ചില്ല | 1-16 |
| 45 | ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല | 1-17 |
| 46 | വിവിധ ഫണ്ടുകളിലെ തുകകൾ വകയിരുത്തിയിട്ടും പദ്ധതികൾ | 1-18 |

| | | |
|---|---|---|
| | നടപ്പിലാക്കിയില്ല | |
| 47 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-19 |
| 48 | ഫർണിച്ചറുകൾ വാങ്ങൽ - നടപടിക്രമങ്ങളിലെ അപാകങ്ങൾ | 1-20 |
| 49 | മിനി എം. സി. എഫ്- മെറ്റീരിയൽ സപ്ലൈയറുടെ ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല | 1-21 |
| 50 | ലാപ്ടോപ്പ് വാങ്ങിയതിൽ ജി എസ് ടി ബിൽ ഹാജരാക്കിയില്ല | 1-22 |
| 51 | ലാപ്പ്ടോപ്പുകൾ വാങ്ങൽ -നിയമാനുസൃതം ടിഡിഎസ് കുറവ് വരുത്തിയിട്ടില്ല | 1-23 |
| 52 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിനിയോഗ വിവരങ്ങൾ ലഭിച്ചിട്ടില്ല | 1-24 |
| 53 | മോണിറ്ററിംഗ് കാര്യക്ഷമമല്ല | 1-25 |
| 54 | ആസ്തിസംരക്ഷണംപദ്ധതി തയ്യാറാക്കിയിട്ടില്ല | 1-26 |
| 55 | ടോയ്ലെറ്റ് നവീകരണം പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 56 | ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ്പ/ വായ്പ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് ചെയ്ത വാർഷികക്കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25-07-2023 തീയതിയിലെ 11/1 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07-08-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൃത്താല ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 29-11-2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011 ചട്ടം 62(ഇ,എഫ്) പ്രകാരമുള്ള അടിസ്ഥാന

അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകത നിലനിൽക്കുന്നു.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 43,99,740 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 56,60,008 രൂപയാണ്. അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണ്.

### 1-1-3 ആസ്തി രജിസ്റ്ററും ബാലൻസ് ഷീറ്റിലെ ആസ്തികളുടെ മൂല്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

### 1-1-4 ഡിമാന്റ് -കളക്ഷൻ -ബാലൻസ് തുക രേഖപ്പെടുത്തിയതിൽ വ്യത്യാസം

ഷോപ്പിങ്ങ് കോംപ്ലക്സ് കടമുറികളുടെ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയ 2022-23വർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും വാർഷിക കണക്ക് പ്രകാരമുള്ള തുകകളും വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാടക രജിസ്റ്റർ പ്രകാരം | 6,90,660 | 6,06,494 | 85978 |
| വാർഷിക കണക്ക് പ്രകാരം | 5,85,312 (I3-ശീർഷകം 130100101) | 5,64,926 (RP45 ശീർഷകം 431400101) | 20,386 (BS-15 ശീർഷകം-431400101) |

### 1-1-5 ചെക്കുകൾ കളക്ഷൻ ആയിട്ടില്ല

അക്കൗണ്ട് നം- 67070851452

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തൃത്താല ശാഖ

ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ്' ആയി രേഖപ്പെടുത്തിയിട്ടുള്ള തുക 30.09.2023തീയതി വരെയും കളക്ഷൻ ആയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | വൗച്ചർ നം | തീയതി | തുക |
|---|---|---|---|
| 1 | 1220106825 | 31.03.2023 | 1,91,983 |
| 2 | 1220000237 | 30.09.2022 | 1,100 |
| ആകെ | | | 1,93,083 |

### 1-1-6 കാലാവധി കഴിഞ്ഞ ചെക്കുകളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

അക്കൗണ്ട് നം-1047

തൃത്താല സർവ്വീസ് സഹകരണ ബാങ്ക്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം കാലാവധി കഴിഞ്ഞ ചെക്കുകളിൽ സ്വീകരിക്കേണ്ട തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| 1 | 0152945 | 30-03-2022 | 500 |
| 2 | 0152945 | 30-03-2022 | 500 |
| 3 | 0153181 | 09-06-2022 | 500 |
| 4 | 0153184 | 25.07.2022 | 1553 |
| 5 | 0153185 | 25.07.2022 | 510 |
| 6 | 0153189 | 27.07.2022 | 2386 |

ചെക്കുകൾ അവയുടെ കാലാവധിയ്ക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്ക് പഞ്ചായത്തിൽ സമർപ്പിക്കപ്പെടുകയാണെങ്കിൽ ചട്ടം 44 പ്രകാരം റദ്ദ് ചെയ്യേണ്ടതും റദ്ദ് ചെയ്ത ചെക്കുകൾ കൗണ്ടർഫോയിൽ സഹിതം ഓഡിറ്റിനായി സൂക്ഷിച്ച് വയ്ക്കേണ്ടതുമാണ്. മേൽ ചെക്കുകളുടെ കാര്യത്തിൽ അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല.

1-1-7 34,000രൂപ ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തിരിക്കുന്നു

അക്കൗണ്ട് നം-110042409005

കനറ ബാങ്ക്, തൃത്താല ശാഖ

2023 മാർച്ച് മാസത്തെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ 31.03.2023 തീയതിയിൽ 34,000/- ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 34,000/-രൂപ ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തിട്ടുളതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-1-8 കാലാവധി കഴിയാത്ത ചെക്കുകളെ "Stale Cheque" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി

Liability In Respect Of Stale Cheque എന്ന ഇനത്തിൽ (കോഡ്-350800101, RP-35) 6,81,868 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. 31.03.2023 തീയതിയിലെ ചെക്കുകൾ ഈ ഇനത്തിൽ ഉൾപ്പെട്ടുകാണുന്നു. കാലാവധി കഴിയാത്ത ചെക്കുകളെ Stale Cheque എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഏതാനും ചില ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| 1 | 0153876 | 14-03-2023 | 14000 |
| 2 | 0153899 | 31.03.2023 | 5897 |
| 3 | 01539001 | 31.03.2023 | 28400 |
| 4 | 0153907 | 31.03.2023 | 123586 |
| 5 | 0153895 | 31.03.2023 | 18600 |

### 1-1-9 രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

1.തൊഴിൽ നികുതി രജിസ്റ്റർ

വാർഷിക കണക്ക് പ്രകാരമുള്ള തൊഴിൽ നികുതി വരവ്

2022-23 വർഷത്തിൽ 67 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിട്ടുള്ളത്.

ജീവനക്കാരുടെ തൊഴിൽ നികുതി - 13,49,730 രൂപ

സ്ഥാപന തൊഴിൽ നികുതി - 89,520രൂപ

ട്രേഡേഴ്സിന്റെ തൊഴിൽ നികുതി - 1,52,410 രൂപ

തൊഴിൽ നികുതി രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മേൽ വരവുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. ലൈസൻസ് രജിസ്റ്റർ

വാർഷിക കണക്ക് പ്രകാരമുള്ള ലൈസൻസ് ഫീസിന്റെ വരവ്

2022-23 ലെ വരവ് (431300101 RP-45)=1,49,000

2021-22അഡ്വാൻസ് കളക്ഷനായി ലഭിച്ചത് - 2,51,600

ലൈസൻസ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ മേൽ വരവുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-1-10 ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ വ്യത്യാസം

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ (ശീർഷകം- Profession Tax Employees, കോഡ്-110200102) 2022-23 വർഷത്തിൽ ലഭിക്കേണ്ടതും ലഭിച്ചതുമായ ആകെ വരവായി രേഖപ്പെടുത്തിയിട്ടുള്ളത് 13,88,080/-രൂപയാണ്. എന്നാൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഈ ഇനത്തിലെ വരവ് 13,49,730/-രൂപയാണ്. 38,350/-രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/05.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽനികുതിയാണോ മേൽ വ്യത്യാസമെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-1-11 RP(40b) പ്രകാരമുള്ള നീക്കിയിരിപ്പും B-4 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

MGNREGS നീക്കിയിരിപ്പ് RP(40b) പ്രകാരം 14,66,648 രൂപയാണ്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-4) പ്രകാരം 14,66,273 രൂപയാണ്. 375 രൂപയുടെ വ്യത്യാസമുണ്ട്.

### 1-2 ബജറ്റ്

2022-23വർഷത്തെ ബജറ്റ് 25/03/2022 തിയതിയിലെ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് (തീരുമാനം 1/1 22-03-2023). ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 19025935 | 201662400 | 220688335 | 184260000 | 36428335 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16545892 |
| വരവ് | 51625168 |
| ആകെ | 68171060 |
| ചെലവ് | 47225428 |
| നീക്കിയിരിപ്പ് | 20945632 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട് മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15854445 | 15854445 | 15170776 | 683669 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11561765 | 11561765 | 11199412 | 362353 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 3765000 | 3765000 | 2278694 | 1486306 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 4953000 | 4953000 | 4274793 | 678207 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Untied Treasury | 0 | 61075 | 61075 | 0 | 61075 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Untied Bank | 838644 | 2796000+ 223918(int) | 3858562 | 3130776 | 727786 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied Treasury | 0 | 1875696 | 1875696 | 611935 | 1263761 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied Bank | 3455944 | 4194000 | 7649944 | 5016888 | 2633056 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| MGNREGS | 11363 | 16640582 | 16651945 | 15185672 | 1466273 |
| TSC | 551780 | 0 | 551780 | 0 | 551780 |
| ICDS | 78760 | 1251824 | 1330584 | 999960 | 330624 |
| SUCHITHWA MISSION | 2735685 | 0 | 2735685 | 1036959 | 1698726 |
| NATIONAL HEALTH MISSION | 0 | 145961 | 145961 | 97140 | 48821 |
| NATIONAL RURAL HEALTH MISSION | 0 | 258982 | 258982 | 149873 | 109109 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| ലൈഫ് മിഷൻ -സ്റ്റേറ്റ് ഷെയർ | ൦ | 2249953 | 2249953 | 2249953 | 0 |

* CFC ഗ്രാന്റ് അൺടൈഡ് +ടൈഡ് -ബാലൻസ് ഷീറ്റ് B-4 പ്രകാരമുള്ള തുകയും ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. 3379071 – 3360842=18229. CGST, SGST, KCWWF തുകകൾ സാമ്പത്തിക വർഷം കഴിഞ്ഞ് ഒടുക്കിയതാണെന്ന് വിശദീകരിക്കപ്പെട്ടു.

** MGNREGS നീക്കിയിരിപ്പ് RP(40b) പ്രകാരം 14,66,648 രൂപയാണ്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-4) പ്രകാരം 14,66,273 രൂപയാണ്. 375 രൂപയുടെ വ്യത്യാസമുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 237 | 133376918 | 166 | 53769726 | 0 | 71 | 70 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 8351600 | 5069001 | 60.69 |
| വി.ഇ.ഒ | 20 | 17 | 53141520 | 11164186 | 21 |
| ICDS | 8 | 6 | 7563252 | 6213544 | 82.15 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| സെക്രട്ടറി | 52 | 25 | 15809815 | 7453076 | 47.14 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 101 | 73 | 28893836 | 15316329 | 53 |
| മെഡിക്കൽ ഓഫീസർ-PHC | 13 | 13 | 3174835 | 2201408 | 69.33 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 620000 | 612873 | 98.85 |
| വെറ്ററിനറി സർജ്ജൻ | 17 | 15 | 8012600 | 1537173 | 19.18 |
| ഹെഡ് മാസ്ററർ, GLPS | 3 | 3 | 336591 | 320391 | 95.18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 0 | 350000 | 0 | 0 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 738000 | 183734 | 24.89 |
| അസി.സെക്രട്ടറി | 12 | 5 | 6384869 | 3698011 | 57.91 |
| ആകെ | 237 | 166 | 133376918 | 53769726 | 40.31 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 13027002 | 13027002 | 13027002 | 0 |
| | മെറ്റീരിയൽ വില | 0 | 2116495 | 2116495 | 2116495 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11363 | 1497085 | 1508448 | 42175 | 1466273 |
| | ആകെ | 11363 | 16640582 | 16651945 | 15185672 | 1466273 |

വാർഷിക കണക്ക് പ്രകാരം (I 14F) പ്രകാരം MGNREGS ഭരണ ചെലവ് 33156/- രൂപയാണ്. വ്യത്യാസം വിശദമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2821400 | 239 |
| വിധവാപെൻഷൻ | 12421200 | 1145 |
| വാർദ്ധക്യകാലപെൻഷൻ | 24726800 | 2245 |
| വികലാംഗപെൻഷൻ | 3694800 | 338 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1124800 | 102 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-9-2023 ന് 2.45 മണിക്ക് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 57,064 രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വാർഷിക കണക്ക് സമർപ്പിക്കുന്നതിന് മുൻപ് കണക്കുകൾ വിവിധ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. പ്രോജക്ടുകൾ അതാത് വർഷം തന്നെ പൂർത്തീകരിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ സുസ്ഥിര വികസനം ഉറപ്പാക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണവും കണക്ക് സൂക്ഷിക്കലും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
നികുതികളും ഫീസുകളും നിർണ്ണയിക്കുന്നതും പിരിച്ചെടുക്കുന്നതും കാര്യക്ഷമമാക്കേണ്ടതാണ്. ലൈസൻസ് അനുവദിക്കുന്നതിൽ ചട്ടപ്രകാരമുള്ള ഉത്തരവാദിത്തം ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ടതാണ്.

മറ്റ് ഏജൻസികൾക്ക് പദ്ധതി നിർവ്വഹണത്തിനായി നൽകുന്ന തുകകളുടെ വിനിയോഗം ഉറപ്പാക്കേണ്ടതും വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്. സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തിന് ലഭിച്ച പദ്ധതിപ്പണത്തിൽ ചെലവഴിക്കാത്ത തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതിച്ചെലവുകൾ മാർഗരേഖയ്ക്കനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതും ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ഭവന നിർമ്മാണം, പഠനമുറി നിർമ്മാണം തുടങ്ങിയ പ്രോജക്ടുകൾ പ്രകാരം ഗഡുക്കളായി തുക കൈപ്പറ്റുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കേണ്ടതും ഇതുമായി ബന്ധപ്പെട്ടുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ നവംബർ 2022 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കി. 1997-98 മുതൽ 2003-04 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് 21.02.2004 ൽ പൂർത്തിയാക്കി. 30.09.2004 ൽ ലഭ്യമായ റിപ്പോർട്ടിലെ മുഴുവൻ പരാമർശങ്ങളും തീർപ്പാക്കിയിട്ടുണ്ട്.

## 1-11 തൊഴിൽനികുതി ഈടാക്കിയതിലുള്ള അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും ആകെ 60 ദിവസത്തിൽ കുറയാതെ ആ പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയാളുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, തൃത്താല ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-11-1 ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ, വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ചു ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കമെന്ന് ആവശ്യപ്പെടാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ചട്ടം 14, 16 എന്നിവ പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയെ അടിസ്ഥാനമാക്കിയാണ് ഓരോ അർദ്ധ വർഷത്തിലും നികുതി ഡിമാന്റ് ചെയ്യുന്നത്. 2022-23 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിൽ 67 സ്ഥാപനങ്ങളുടെ പേരാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പല സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായും കാണുന്നില്ല. എല്ലാ സ്ഥാപനങ്ങളുടേയും വിവരം രേഖപ്പെടുത്തിയ ഡാറ്റാബേസ് തയ്യാറാക്കിയിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/03.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-11-2 തൊഴിൽ നികുതി ഓൺലൈൻ ആയി ഒടുക്കുന്നതിനുള്ള പോർട്ടൽ രൂപീകരണം

എസ്.ആർ.ഒ നം. 612/2017 തിയതി 31-10-2017 പ്രകാരം തൊഴിൽ നികുതി ചട്ടങ്ങളിൽ ചട്ടം 14എ കൂട്ടിച്ചേർത്തിട്ടുണ്ട്. ആയതനുസരിച്ച് തൊഴിൽ നികുതി ഈടാക്കി ഒടുക്കുവാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും സെക്രട്ടറി നൽകുന്ന യൂസർ നെയിം, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് തൊഴിൽ നികുതി ഓൺലൈൻ ആയി ഒടുക്കുന്നതിനുമുള്ള പോർട്ടൽ രൂപീകരിക്കുവാനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. നാളിതുവരെ അത്തരത്തിലൊരു സംവിധാനം നിലവിൽ വന്നിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/03.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച തുടർ വിവരം അറിയിക്കേണ്ടതാണ്.

1-11-3 തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | തൊഴിൽ നികുതി രജിസ്റ്ററിലെ | സ്ഥാപനത്തിന്റെ പേര് |
|---|---|---|

| | ക്രമ നം | |
|---|---|---|
| 1 | 28 | Rusiya Health Care Centre |
| 2 | 29 | നിള ഫ്യൂവൽസ് പട്ടാമ്പി |
| 3 | 33 | ഗവ. ആർട്ട്സ് & സയൻസ് കോളേജ് |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-11-4 തൊഴിൽനികുതി വരവ് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട രേഖകളോ റിട്ടേണുകളോ ഹാജരാക്കിയിട്ടില്ല

2022-23സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ട്രേഡേഴ്സിന്റെ തൊഴിൽനികുതി ഇനത്തിൽ (കോഡ്-431120105, Profession Tax - Traders, RP-45) 1,52,410/-രൂപ വരവായി ലഭിച്ചിട്ടുണ്ട്. എന്നാൽ ഏതൊക്കെ ട്രേഡേഴ്സിൽ നിന്നാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ റിട്ടേണുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. 1,52,410/-രൂപയുടെ തൊഴിൽനികുതി വരവ് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട രേഖകളോ റിട്ടേണുകളോ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/03.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 10ൽ ഉപചട്ടം (1),(2) പ്രകാരം തൊഴിൽ നികുതി അടക്കുന്നതിന് ബാദ്ധ്യസ്ഥമോ ബാദ്ധ്യസ്ഥനോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനി/ആളോട് VI ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ആയത് പൂർണ്ണവും ശരിയുമാണെന്ന് ബോദ്ധ്യം വരുന്ന പക്ഷം അങ്ങനെയുള്ള റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതുമാണ്. ആയതിനാൽ തൊഴിൽ നികുതി ഈടാക്കുന്നവരിൽ നിന്ന് റിട്ടേൺ വാങ്ങിക്കേണ്ടതാണ്.

1-12 വസ്തുനികുതി നിർണ്ണയം അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207 വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203 വകുപ്പ് പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-12-1 വസ്തുനികുതി കുറവായി ഈടാക്കി

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതിയാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം/കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വാർഷിക വസ്തുനികുതി (@50) | നിർണ്ണയി ക്കേണ്ട വസ്തുനികുതി (@60) | പ്രാബല്യം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 7/1/A | 556.08 ഹോട്ടൽ | 33,721 | 60രൂപനിരക്കിൽ പുനർനിർണ്ണയിക്കേണ്ടതാണ് | 2016 2nd Half |
| 2 | 6/500/A | 142 ഷോപ്പുകൾ | 6263 | | 2015 1st Half |
| 3 | 6/565/A | 113.38 ഷോപ്പുകൾ | 7502 | | 2015 1st Half |
| 4 | 6/565/B | 111.08 ഷോപ്പുകൾ | 6982 | | 2015 1st Half |
| 5 | 6/565/C | 111.08 ഷോപ്പുകൾ | 6614 | | 2015 1st Half |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/04.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി 60രൂപാ നിരക്കിൽ പുനർനിർണ്ണയിക്കേണ്ടതും ഫോം 6 ഹാജരാക്കേണ്ടതുമാണ്.

1-12-2 വിവിധ ഉപയോഗങ്ങൾക്ക് ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളെ സഞ്ചയയിൽ പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തി

വ്യത്യസ്ത ആവശ്യങ്ങൾക്ക് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ സഞ്ചയയിൽ പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നു. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 5രൂപയും ഓഫീസ് ആവശ്യത്തിനുള്ളവയ്ക്ക് (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) 50രൂപയും അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ എന്നിവയ്ക്ക് 40 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം &തീയതി | ഉപയോഗം | കെട്ടിട നം | സഞ്ചയയിലെ ഉപയോഗക്രമം |
|---|---|---|---|---|
| 1 | 425/22-23 /A1/22/706 Dtd 27.06.22 | ഓഡിറ്റോറിയം | 14/393 | പാർപ്പിടാവശ്യം |
| 2 | 565/22-23 /A1/23/1008 Dtd 14.02.23 | നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഫീസ് | 1/700 C | പാർപ്പിടാവശ്യം, റസിഡൻഷ്യൽ ഫ്ളാറ്റുകൾ |
| 3 | 533/22-23/A1 | ഓഫീസ് ആവശ്യത്തിന് | 9/445 | പാർപ്പിടാവശ്യം, വീടുകൾ |

മേൽ കെട്ടിടങ്ങളുടെ യഥാർഥ ഉപയോഗക്രമം പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും ബാധകമായ നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-12-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം 13 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി പത്രികയിൽ

2022-23 വരെയുള്ള കാലയളവിൽ 2 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായ 1,48,526/-രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) | ചുമത്തിയ നികുതി (LCഉൾപ്പടെ) (രൂപ) | കുടിശ്ശിക തുക (രൂപ) | കുടിശ്ശിക വർഷം |
|---|---|---|---|---|---|
| 1 | 11/401/A BSNL | 19.6 | 10805 | 90815 | 2015 1st Half മുതൽ |
| 2 | 14/366/A GTL INFRASTRUCTURE LIMITED | 15.14 | 10016 | 57711 | 2018 1st Half മുതൽ |
| ആകെ | | | | 1,48,526 | |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 04.10.2023 തീയതിയിലെ ഓഡിറ്റ് അന്വേഷണം:12 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-12-4 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചതിനുശേഷവും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു

സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള 10 കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. 01.04.2013 ന് മുമ്പുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ (ARV കെട്ടിടങ്ങൾ) നികുതി നഷ്ടം ഉണ്ടാവുന്നില്ലെങ്കിലും ഡാറ്റ പ്യൂരിഫിക്കേഷനുശേഷവും തെറ്റുകൾ തുടർന്ന് വരുന്നത് പരിഹരിക്കേണ്ടതാണ്. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No | Door NO | Owner Name |
|---|---|---|
| 1 | 1/249/ | MUHHAMED SHEREEF |
| 2 | 1/476/ | GOPALAN T |
| 3 | 2/10/A | ABOOBACKER V |
| 4 | 2/836/ | MOHAMMED ASHARAF ALI |
| 5 | 5/253/ | SURESH BABU |
| 6 | 5/402/ | BINDU |
| 7 | 6/115/A | ABOOBACKER S/O YUSAF |
| 8 | 8/378/A | HAMSA HAJI S/O VEERAVUNNI |
| 9 | 15/462/ | K P YESHODAMANI AND ANANDAVALLI |

| | | |
|---|---|---|
| 10 | 15/463/ | K P YESHODAMANI AND ANANDAVALLI |

1-12-5 വസ്തുനികുതി പരിഷ്കരണം 2023- അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 203, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ അഞ്ചു വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി അവസാനമായി നിശ്ചയിച്ചത് 01.04.2013 പ്രാബല്യത്തിലാണ്. എന്നാൽ സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നികുതി പുതുക്കി നിശ്ചയിക്കേണ്ടിയിരുന്ന 01.04.2018 ൽ പുതുക്കി നിശ്ചയിക്കൽ നടന്നിരുന്നില്ല. ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ അതിന്റെ രണ്ടാം റിപ്പോർട്ടിൽ വസ്തു നികുതി പരിഷ്കരണം നടത്തുന്നതിന് ശിപാർശ നൽകിയിട്ടുമുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 203, പ്രകാരം 25 ശതമാനം വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും നിലവിലെ സാഹചര്യത്തിൽ സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ച് പ്രസ്തുത വ്യവസ്ഥയിൽ ഇളവു വരുത്തി വർഷം തോറും 5% (അഞ്ചു ശതമാനം) എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും 2023-24 മുതലുള്ള വസ്തുനികുതിനിർണ്ണയ നടപടികളും വസ്തുനികുതി നിർണ്ണയത്തിനു ശേഷം തറവിസ്തീർണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയ നടപടികളും വസ്തുനികുതിയിൽ നൽകാവുന്ന ഇളവുകളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

01.04.2023 തീയതി മുതലുള്ള വസ്തുനികുതി പരിഷ്ക്കരണത്തിന്റെ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) നടപടിക്രമങ്ങളുടെ തൃത്താല ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പരിശോധന വിവരങ്ങളാണ് പ്രത്യേക ഖണ്ഡികയായി ചുവടെ ചേർത്തിട്ടുള്ളത്.

വസ്തു നികുതി പരിഷ്കരണ നിരക്കുകളും മേഖലകളും റോഡിന്റെ തരംതിരിവും പുതുക്കൽ

01.04.2023 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകൾ, മേഖലകൾ, റോഡിന്റെ തരംതിരിവ് പുതുക്കൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടെ അംഗീകരിക്കുകയും അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണത്തിന് സഞ്ചയ സോഫ്റ്റ് വെയറിലെ ക്രമീകരണം

01.04.2023 മുതലുള്ള വസ്തുനികുതി പരിഷ്കരണത്തിന് നാളിതുവരെയായും സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം വന്നിട്ടില്ല. നിലവിൽ കെട്ടിട നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് മുൻനിശ്ചയിച്ച പ്രകാരമുള്ള (2013ലെ) അടിസ്ഥാന വസ്തു നികുതി നിരക്കുകളാണ് ഈടാക്കി വരുന്നത് . ഇതിൽ സഞ്ചയയിലെ എല്ലാ കെട്ടിടങ്ങൾക്കും പഴയനിരക്കിലുള്ള വസ്തുനികുതിയുടെ 5% വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ സ്വമേധയാ ഉണ്ടായിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്ത് നൽകുന്ന മുറയ്ക്ക് നിലവിൽ 2023-24 മുതൽ കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ നിയമനം

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ളോമ(സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ, എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി കെട്ടിട നമ്പറിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക്

തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. ഓരോ കെട്ടിടവും പരിശോധന നടത്തുന്നതിനൊപ്പം അതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിലേക്ക് പരിശോധന നടത്തുന്നവർ തന്നെ ഡാറ്റാ എൻട്രി നടത്തി ചേർക്കേണ്ടതാണ്.

തൃത്താല ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടില്ല. ടി ആവശ്യത്തിനായി 2 പ്രാവശ്യം പത്രപരസ്യം നൽകുകയും ഒരാളുടെ അപേക്ഷ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ വ്യക്തി ജോലിയിൽ പ്രവേശിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണം-2/29.09.2023)

ആകെ 224 കെട്ടിടങ്ങളുടെ 9 B ഫോറങ്ങളാണ് കെട്ടിട ഉടമകൾ സ്വമേധയാ സമർപ്പിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(കൈ)നം.77/2023/LSGD തീയതി: 22.03.2023) പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ- നടപടിക്രമങ്ങളിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്റർ, സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-13-1 അനധികൃത കെട്ടിടനിർമ്മാണം- രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235എഎ ഉപവകുപ്പ് 4 പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പർ, വസ്തു ഉടമയുടെ പേരുവിവരങ്ങൾ, കെട്ടിടത്തിന് നൽകപ്പെട്ട പ്രത്യേക നമ്പർ, കെട്ടിടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തു നികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്ററുകൾ വാർഡ് തിരിച്ച് സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. എന്നാൽഗ്രാമപഞ്ചായത്തിൽ അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സഞ്ചയയിലെ വിവരങ്ങൾ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള 78 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത്.

### 1-13-2 നിയമാനുസൃതം ഈടാക്കേണ്ട നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും നിയമാനുസൃതം വസ്തുനികുതി ഈടാക്കിയതായി കാണുന്നില്ല. കെട്ടിടങ്ങളുടെ

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് | നിർണ്ണയിച്ച വസ്തുനികുതി |
|---|---|---|---|
| 1 | 1/27/H | കമലാക്ഷി അമ്മ, തൃത്താല | 761.25 (മൂന്ന് മടങ്ങ്-2284) |
| 2 | 1/27/J | കമലാക്ഷി അമ്മ, തൃത്താല | 509.83 (മൂന്ന് മടങ്ങ്-1530) |

മേൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും സഞ്ചയയിലെ ഡിമാന്റ് വിവരങ്ങൾ പരിശോധിച്ചതിൽ ഡിമാന്റ് രേഖപ്പെടുത്തുകയോ നിർണ്ണയിച്ച നികുതി ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. ഫോം-6 ലഭ്യമല്ല. ഡിമാന്റ്,കളക്ഷൻ,ബാലൻസ് വിവരങ്ങൾ ഇല്ല എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തികാണുന്നത്. കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/05.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കേണ്ടതും ഫോം-6 പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

### 1-13-3 അനധികൃത കെട്ടിടങ്ങൾ- തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

നിയമാനുസൃതമല്ലാതെ നിർമ്മാണം പൂർത്തിയാക്കിയ 78 കെട്ടിടങ്ങൾക്കാണ് ഗ്രാമപഞ്ചായത്തിൽ യു.എ നമ്പർ അനുവദിച്ചിട്ടുള്ളത്. 2018 മുതലുള്ള കെട്ടിടങ്ങൾ ഇതിലുൾപ്പെടുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235(ബി) പ്രകാരം ക്രമവൽക്കരണം നടത്തുന്നതിന് നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും രീതിയിലും കെട്ടിടഉടമകൾ അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല. അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത ഇത്തരം കെട്ടിടങ്ങളിന്മേൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ക്രമവൽക്കരണം നടത്തുന്നതിന് നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും രീതിയിലും അപേക്ഷ സമർപ്പിക്കാത്ത കെട്ടിടഉടമകളുടെ കെട്ടിടങ്ങളിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-14 വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോംപ്ളക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-14-1 ഷോപ്പിങ്ങ് കോംപ്ലക്സ് വാടക – കുടിശ്ശികയിൽ കൃത്യതയില്ല

2022-23 വർഷത്തെ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയതനുസരിച്ച് 15 കടമുറികളാണ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളത്. കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ര നം | കെട്ടിട നം | വാടകയ്ക്ക് നൽകിയത് | പ്രതിമാസ വാടക |
|---|---|---|---|
| 1 | 931 | സലീം | 3880 |
| 2 | 932 | ഉസ്മാൻ | 4345 |
| 3 | 933 | അലിക്കുട്ടി | 4345 |
| 4 | 934 | അബൂബക്കർ | 4345 |
| 5 | 935 | യൂസഫ് | 10089 |

| | | | |
|---|---|---|---|
| 6 | 936 | പ്രീതിബാല | 4345 |
| 7 | 937 | അബൂബക്കർ.വി.പി | 5897 |
| 8 | 938 | മാവേലി സ്റ്റോർ | 2920 |
| 9 | 944A | ബ്രഹ്മദത്തൻ നമ്പൂതിരി | 2873 |
| 10 | 944B | | |
| 11 | 944C | ജയപ്രകാശ് | 2315 |
| 12 | 944D | ഭരതൻ | 3422 |
| 13 | 941A | കുടുംബശ്രീ ജനകീയ ഹോട്ടൽ | Excempted As Per 8(1)/2020 No Resolution |
| 14 | 941B | | |
| 15 | 941C | | |

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B15-Rent Receivables From Building(Current) കോഡ്-431400101) പ്രകാരമുള്ള തൻവർഷ വാടകകുടിശ്ശിക 20,386 രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക (B15-Rent Receivables From Building (Arrear) കോഡ്- 431400102) 8,204 രൂപയുമാണ്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം 2022-23 വർഷത്തെ കുടിശ്ശിക 85,978രൂപയാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കാനും വാടകകുടിശ്ശിക വിവരങ്ങൾ കടമുറികൾ തിരിച്ച് പ്രത്യേകമായി ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/30.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കേണ്ടതും കുടിശ്ശികയുടെ കൃത്യമായ വിവരം (ഈടാക്കാനുള്ള വ്യക്തികളുടെ പേര്, കടമുറിയുടെ നമ്പർ, കുടിശ്ശിക തുക, കുടിശ്ശിക കാലയളവ് എന്നിവ വർഷം തിരിച്ച്) ലഭ്യമാക്കേണ്ടതുമാണ്.

1-14-2 വാടക-ബൈലോ ഹാജരാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നല്കുന്നുണ്ട്. ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. നാളിതുവരെ ബൈലോ തയ്യാറാക്കിയിട്ടില്ലെങ്കിൽ ആയത് നിയമാനുസൃതം തയ്യാറാക്കേണ്ടതാണ്. തുടർവിവരം അറിയിക്കേണ്ടതാണ്.

1-14-3 വാടക എഗ്രിമെന്റ് ഹാജരാക്കേണ്ടതാണ്

2022-23 വർഷം വാടകക്കാരുമായി എഗ്രിമെന്റ് വച്ചതിന്റെ രേഖകൾ ഹാജരാക്കാനും വാടകക്കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തവരുടെ പേരുവിവരവും അറിയിക്കാനുമാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (8/30.09.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകക്കാരുമായി എഗ്രിമെന്റ് വച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-15 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് -അപാകതകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-15-1 ILGMS സോഫ്റ്റ് വെയറിൽ ലൈസൻസ് രേഖകൾ അപ് ലോഡ് ചെയ്യുകയോ ഹാർഡ് കോപ്പി ലഭ്യമാക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ പരിശോധന സാദ്ധ്യമായിട്ടില്ല

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന് ലൈസൻസ് അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് അപേക്ഷയോ ബന്ധപ്പെട്ട രേഖകളോ

ഹാജരാക്കിയിട്ടില്ല. ILGMS സോഫ്റ്റ് വെയറിൽ ഫയൽ എക്സ്ട്രാക്ഷൻ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ നം, ഫയൽ നം | അപേക്ഷകൻ | ഈടാക്കിയ ലൈസൻസ് ഫീസ് | രസീതി നം.& തീയതി |
|---|---|---|---|
| 303 A1/1827 /22/25.03.2022 | മാനേജർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് (ഇന്ത്യൻ/വിദേശ നിർമ്മിത മദ്യം,ബിയർ എന്നിവയുടെ വിൽപ്പന) | 10,000 | 121630106765 Dtd 25.03.2022 |

ഫയൽ എക്സ്ട്രാക്ഷൻ വിവരങ്ങൾ ലഭ്യമല്ലാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/04.10.2023) മറുപടി ലഭ്യമാക്കുകയോ ലൈസൻസ് അപേക്ഷ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഭരണ സുതാര്യത ഉറപ്പുവരുത്തുന്നതിനായി കൊണ്ടുവന്നിട്ടുള്ള സോഫ്റ്റ്‌വെയർ സംവിധാനത്തെ മറികടക്കും വിധം പഞ്ചായത്തിന് പ്രവർത്തിക്കാനാകുന്നത് ഭരണതലത്തിൽ പരിശോധിക്കേണ്ടതാണ്. ഓഡിറ്റിൽ ആവശ്യപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-15-2 സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് ഹാജരാക്കേണ്ടതാണ്

2022-23 വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ആയതുപ്രകാരം 574 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ വാണിജ്യാവശ്യത്തിനുള്ള 2580കെട്ടിടങ്ങളുണ്ട്. തൃത്താല ഗ്രാമപഞ്ചായത്തിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത് എന്നത് സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതും നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

1-16 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടച്ചില്ല

23.01.2017ലെ സ.ഉ.(പി)നം.07/2017/ഫിൻ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രോജക്ടുകൾക്കുള്ള (Joint Venture) തുക നിക്ഷേപിക്കുന്നതിനും പിൻവലിക്കുന്നതിനുമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് വിവിധ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന തുകകൾ സാമ്പത്തിക വർഷാവസാനം കഴിഞ്ഞും നിലനിർത്താവുന്നതല്ല എന്നിരിക്കെ മുൻവർഷം ലഭ്യമായ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 19,15,591/- രൂപയാണ്.

വിശദാംശങ്ങൾ

| ശീർഷകം | വിഹിതം | തുക |
|---|---|---|
| 320700105 | ജില്ല പഞ്ചായത്ത് (മൂലധനചെലവ്) | 1,45,393 |
| 320700205 | ജില്ല പഞ്ചായത്ത് (റവന്യൂചെലവ്) | 64,678 |
| 320700204 | ബ്ളോക്ക് പഞ്ചായത്ത് (റവന്യൂചെലവ്) | 17,05,520 |
| ആകെ | | 19,15,591 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/30.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പ്രൊജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാത്ത തുക ബാധകമായ അക്കൗണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല

വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ- ടെന്റർ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെന്റർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചു വന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ -SBI കുറ്റനാട് ബ്രാഞ്ചിൽ 00000036184114193എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും 31-03-2023 തിയ്യതിയിൽ 3005.73രൂപ നീക്കിയിരിപ്പായി അവശേഷിക്കുകയും ചെയ്യുന്നുണ്ട്. ആയത് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 വിവിധ ഫണ്ടുകളിലെ തുകകൾ വകയിരുത്തിയിട്ടും പദ്ധതികൾ നടപ്പിലാക്കിയില്ല

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കൊടുത്തിട്ടുള്ള പദ്ധതികൾ അവിഷ്കരിച്ചിട്ടുണ്ടെങ്കിലും അവ നടപ്പിലാക്കിയിട്ടില്ല. ആകെ 52 പ്രോജക്ടുകൾ നടപ്പിലാക്കേണ്ടിയിരുന്നതിൽ 25 പ്രോജക്ടുകൾ മാത്രം നടപ്പിലാക്കിയിട്ടുണ്ട്. ബാക്കി 27 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 98 | ജലജീവൻ മിഷൻ ഗാർഹിക കുടിവെള്ള കണക്ഷൻ | 1029992 |
| 2 | 96 | ജലജീവൻ മിഷൻ ഗാർഹിക കുടിവെള്ള കണക്ഷൻ | 2250000 |
| 3 | 99 | ഹരിത കർമ്മസേനയ്ക്ക് വെയ്യിംഗ് മെഷിൻ | 20000 |
| 4 | 100 | തെരുവ് വിളക്ക് സ്ഥാപിക്കൽ | 733520 |

| | | | |
|---|---|---|---|
| 5 | 101 | എബിസി പ്രോഗ്രാം | 100000 |
| 6 | 30 | പഞ്ചായത്ത് ഓഫീസിലെ കുടിവെള്ള കണക്ഷൻ | 20 |
| 7 | 33 | ജി.എം.എൽ.പി സ്കൂൾ കോംബൌണ്ടിൽ സോക്ക് പിറ്റ് | 20 |
| 8 | 127 | എ ഇ ഓഫീസും എംജി എൻ ആർ ഇജി എസ് ഓഫീസും നവീകരണം | 150000 |
| 9 | 133 | തെരുവ് വിളക്ക് റിപ്പയർ | 499000 |
| 10 | 1 | പ്രോജക്റ്റ് അസിസ്റ്റന്റിന്റെ വേതനം | 267480 |
| 11 | 3 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം | 371940 |
| 12 | 184 | ഐഎസ്ഒ സർട്ടിഫിക്കേഷൻ | 100000 |
| 13 | 192 | പഞ്ചായത്ത് ഓഫീസിലെ ജനറേറ്ററിന് എ.എം.സി | 20000 |
| 14 | 193 | എം.സി.എഫിലെ വൈദ്യുതീകരണം | 150000 |
| 15 | 194 | എംസിഎഫിലെ വൈദ്യുതി പോസ്റ്റ് സ്ഥാപിക്കൽ | 200000 |
| 16 | 247 | എംസി എഫിലേക്ക് ബെയ്ലിംഗ് മെഷിൻ | 560000 |
| 17 | 248 | കൃഷിഭവൻ കോൺഫറൻസ് ഹാൾ ഇലക്ട്രിഫിക്കേഷൻ | 50000 |
| 18 | 249 | കൃഷിഭവൻ കോൺഫറൻസ് ഹാളിലേക്ക് ഫാനുകൾ ലൈറ്റുകൾ | 50000 |
| 19 | 250 | കൃഷിഭവൻ കോൺഫറൻസ് | 50000 |

| | | | |
|---|---|---|---|
| | | ഹാളിൽ സൌണ്ട് സിസ്റ്റം സ്ഥാപിക്കൽ | |
| 20 | 252 | ജീപ്പ്ഷെഡ് മാറ്റി സ്ഥാപിക്കൽ | 50000 |
| 21 | 253 | ജനറേറ്റർ മാറ്റി സ്ഥാപിക്കൽ | 50000 |
| 22 | 254 | ജനറേറ്ററിൽ നിന്നുള്ള വൈദ്യുതീകരണം | 50000 |
| 23 | 255 | കുന്നത്ത്ക്കാവ് സാംസ്കാരിക നിലയം ഇലക്ട്രിഫിക്കേഷൻ | 30000 |
| 24 | 262 | കേരളോത്സവം | 150000 |
| 25 | 263 | പുതിയ ജനകീയ ഹോട്ടലിന് സാധന സാമഗ്രികൾ വാങ്ങൽ | 200000 |
| 26 | 265 | ജനകീയ ഹോട്ടലിന് സാധന സാമഗ്രികൾ വാങ്ങൽ | 100000 |
| 27 | 266 | ശുചീകരണ പ്രവർത്തനങ്ങൾ മാലിന്യം നീക്കം ചെയ്യൽ അനുബന്ധ പ്രവർത്തനങ്ങൾ | 491530 |

മേൽ പദ്ധതികൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 21/6.10.23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

പദ്ധതി ഫണ്ടുകൾ വകയിരുത്തിയത് ലാപ്സാകാതെ അതാത് വർഷങ്ങളിൽ തന്നെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.553/2019/തസ്വഭവ തിയതി 7-3-2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാൻസർ രോഗികൾ, കിടപ്പ് രോഗികൾ, പ്രായമായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ മുതലായ ദീർഘകാല പരിചരണം ആവശ്യമായ രോഗികളുടെ പരിചരണത്തിനായി രൂപീകരിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് വിലയിരുത്തൽ താഴെ ചേർക്കുന്നു.

എ) പരിചരണം ആവശ്യമായ രോഗികളുടെ വിവരം

ഗ്രാമപഞ്ചായത്തിൽ പ്രധാനമായും താഴെ പറയുന്ന രോഗികൾക്കാണ് പരിചരണം നൽകി വരുന്നത്.

തുടർ പരിചരണം (Follow Up) ആവശ്യമായവർ - 133 (60 വയസിന് താഴെ പ്രായമുള്ള തീരെ കിടപ്പിലായവർ - 97 + 60 വയസിന് മുകളിൽ പ്രായമുള്ള തീരെ കിടപ്പിലായവർ - 36)

മേൽ സൂചിപ്പിച്ചവരിൽ മെഡിസിൻ സപ്പോർട്ട് ആവശ്യമുള്ളവർ 40 പേരും ഫിസിയോ തെറാപ്പി ആവശ്യമായവർ 18 പേരും സെക്കണ്ടറി കെയർ ആവശ്യമായവർ 7 പേരും ക്യാൻസർ രോഗികൾ 21

പേരും വൃക്ക രോഗികൾ 30 പേരും നട്ടെല്ലിന് ക്ഷതം സംഭവിച്ചവർ 2 പേരും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ 10 പേരും ഡ്രസിംഗ് ആവശ്യമായവർ 5 പേരും ഉൾപ്പെടുന്നുണ്ട്.

ബി) പാലിയേറ്റീവ് പ്രോജക്ട്

തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (PHC)

80/23- സാന്ത്വന പരിചരണം

അടങ്കൽ 800000/- (വികസന ഫണ്ട് 500000/- +തനത് ഫണ്ട് 300000/-)

ചെലവ് - 735757/- (വിവിധ ബില്ലുകൾ പ്രകാരം)

സി) നോമിനൽ രജിസ്റ്ററും ഹോം കെയർ റിപ്പോർട്ട് ബുക്കും

രോഗികളുടെ വിവരം അടങ്ങിയ നോമിനൽ രജിസ്റ്ററിൽ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.

ഹോം കെയർ സന്ദർശനം നടത്തിയതിന്റെ റിപ്പോർട്ട് വിശദമായി തയ്യാറാക്കിയിട്ടുണ്ട്.

ഡി) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC)

ഓരോ സാമ്പത്തിക വർഷാവസാനത്തിനുമുമ്പും പി.എം.സി രൂപീകരിക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ട്. വിവിധ റിപ്പോർട്ടുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. തൻവർഷം പി.എം.സി അഞ്ച് തവണ യോഗം ചേർന്നിട്ടുണ്ട്.

ഇ) പഞ്ചായത്ത്തല അവലോകന യോഗം

പഞ്ചായത്ത് തലത്തിൽ എല്ലാ മാസവും ഹെൽത്ത് റിവ്യൂ നടക്കുന്നുണ്ട്.

എഫ്) വിഭവ സമാഹരണം

മാർഗ്ഗരേഖയിലെ ഖ.2.12 പ്രകാരം പാലിയേറ്റീവ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മറ്റ് സംഭാവനകൾ ഉൾപ്പെടെയുള്ള ഫണ്ടുകൾ സ്വീകരിക്കാവുന്നതും ആയതിനായി പി.എം.സി ക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കാവുന്നതുമാണ്. ഈ ആവശ്യത്തിനായി അക്കൗണ്ട് 15-4-2013 ന് (നം.67220356925 - SBI Bank, Thithala) ആരംഭിച്ചിട്ടുണ്ട്. രസീതികളും അടിച്ചിട്ടുണ്ട്. നീക്കിയിരിപ്പ് 254963/- രൂപയുമാണ്. രോഗികളുടെ കുട്ടികൾക്ക് സ്കൂൾ കിറ്റ്, ഓണത്തിന് ഓണ കിറ്റ്, പുടവ മുതലായ ആവശ്യങ്ങൾക്കാണ് തുക ചെലവഴിക്കുന്നത്. അടിയന്തിര സാഹചര്യത്തിൽ മരുന്നിനും ഉപയോഗിക്കുന്നുണ്ട്.

സ്പോൺസർഷിപ് മുഖേന ഉപകരണങ്ങൾ ലഭ്യമാക്കി രോഗികൾക്ക് നൽകി വരുന്നുണ്ട്.

ജി) മോണിറ്ററിംഗ്

ഗ്രാമപഞ്ചായത്ത്തലത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി പാലിയേറ്റീവ് കെയർ ഒരിനമായി ചർച്ച ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരമുള്ള ചർച്ചകൾ നടന്നിട്ടില്ലെന്ന് മിനിട്സ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഭരണസമിതി വർഷത്തിലൊരിക്കലെങ്കിലും വിലയിരുത്തൽ നടത്തേണ്ടതാണെന്ന വ്യവസ്ഥയും പാലിച്ചതായി കാണുന്നില്ല.

എച്ച്) വാഹന സൗകര്യം

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആംബുലൻസിന്റെ സേവനം പാലിയേറ്റീവ് കെയറിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. മാസത്തിൽ 16 ദിവസം ആംബുലൻസ് ഈ ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഡ്രൈവർക്ക് 650 രൂപ നിരക്കിൽ വേതനം നൽകുന്നുണ്ട്.

ഓഡിറ്റ് അന്വേഷണം നം. 16/05.10.2023 ന് മറുപടി ലഭ്യമായില്ല.

ഐ) ഓഡിറ്റ് വിലയിരുത്തൽ/നിർദ്ദേശങ്ങൾ

ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ പൊതുവെ തൃപ്തികരമാണെന്ന് വിലയിരുത്തുന്നു.

പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിനു പുറമെ പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനകളും സന്നദ്ധ സംഘടനകളുടെ സഹകരണവും ഉറപ്പാക്കി നടത്തുന്ന പ്രവർത്തനങ്ങൾ തുടർന്നും നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആയതിന്റെ വരവ്-ചെലവ് രേഖകൾ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

## 1-20 ഫർണീച്ചറുകൾ വാങ്ങൽ - നടപടിക്രമങ്ങളിലെ അപാകങ്ങൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ വാങ്ങൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ

| ക്രമ നമ്പർ | I | II | III |
|---|---|---|---|
| പ്രൊജക്ട് | 221/23<br>ഹോമിയോ ഡിസ്പെൻസറിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 129/23<br>പ്രസിഡന്റിനും, വൈസ് പ്രസിഡന്റിനും, സെക്രട്ടറിക്കും കസേരകളും കർട്ടനുകളും വാങ്ങൽ | 251/23<br>ആയുർവദ ഡിസ്പെൻസറിക്ക് ഫർണീച്ചർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | | |
| അടങ്കൽ | 100000മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) | 100000 തനത് ഫണ്ട്<br>47812 വികസന ഫണ്ട് | 50000<br>വികസന ഫണ്ട് |
| ചെലവ് | 94349-മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 100000 -തനത് ഫണ്ട്<br>46177-വികസന ഫണ്ട് | 49999<br>വികസന ഫണ്ട് |
| | 22201010/28.03.23 | 24/28.03.23-46177<br>22201010/28.03.23 100000 | 24/28.03.23 |

ക്രമ നമ്പർ I , ക്രമ നമ്പർ III എന്നിവ പ്രകാരം പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനമായ ഹോമിയോ, ആയുർവേദ ഡിസ്പെൻസറിയിലേക്ക് കേരള ആർട്ടിസാൻ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും യഥാക്രമം 94349 രൂപ, 49999 രൂപ ചെലവിൽ ഫർണീച്ചറുകൾ വാങ്ങി നൽകിയിട്ടുണ്ട്.

ക്രമ നമ്പർ IIപ്രകാരം പ്രസിഡന്റിനും, വൈസ് പ്രസിഡന്റിനും, സെക്രട്ടറിക്കും ആർട്കോവിൽ നിന്നും 146177രൂപ ചെലവിൽ കസേരകളും കർട്ടനുകളും വാങ്ങി നൽകിയിട്ടുണ്ട്.

മേൽ പദ്ധതികൾ നടപ്പാക്കിയതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ക്വട്ടേഷൻ നടപടി സ്വീകരിച്ചിട്ടില്ല .

സ.ഉ(പി) നം. 7/2014/spd തീയതി 28.08.2014 ലെ നിർദേശം പ്രകാരം 15000 രൂപയ്ക്ക് മുകളിലും 100000 രൂപ വരെ മൂല്യമുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണെന്നും മൂന്ന് ക്വട്ടേഷനുകൾ ലഭ്യമാക്കേണ്ടതാണെന്നും നിർദേശിക്കുന്നുണ്ട് . എന്നാൽ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് സാധനങ്ങളുടെ സമാഹരണം നടത്തിയിട്ടുണ്ട്. ഒന്നിലധികം സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സാധനങ്ങളുടെ വിലകൾ തമ്മിൽ ഒത്തുനോക്കാനും, ഗുണമേന്മ ഉറപ്പുവരുത്താനും ക്വട്ടേഷൻ സാധ്യതകൾ പരീക്ഷിച്ചിട്ടില്ല.

2. സർക്കാർ ഉത്തരവു പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ നേരിട്ട് വാങ്ങി

2022-23 വർഷത്തെ വാങ്ങലിന് G.O(Rt)No:7/2022/SPD Dated 02/02/2022 ഉത്തരവ് പ്രകാരവുമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്. മേൽ ഉത്തരവുകളിൽ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ അനുവദിച്ചിട്ടുള്ള ഇളവുകളിൽ സാധനങ്ങൾ നേരിട്ടു വിതരണം ചെയ്യുന്നതിന് അനുമതി ലഭ്യമായിട്ടുള്ള സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ വിതരണം ചെയ്യാവുന്നതല്ല. പട്ടികയിൽ ഉൾപ്പെട്ട സാധനങ്ങൾ സ്ഥാപനം വിതരണം ചെയ്യുകയാണെങ്കിൽ പ്രസ്തുത സാധനങ്ങൾ സ്ഥാപനം നിർമ്മിച്ചതാണെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. സ്ഥാപനം നിർമ്മിക്കാത്ത സാധനങ്ങൾ ടെൻഡർ മുഖേന വാങ്ങേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടുകളിൽ വാങ്ങിയ സാധനങ്ങൾ സ്ഥാപനങ്ങളുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ടി സാധനങ്ങൾ ഘടക സ്ഥാപനം നിർമ്മിച്ചതാണെന്ന സാക്ഷ്യപത്രവും ലഭ്യമാക്കി ഫയൽ ചെയ്തിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനം | സ്പെസിഫിക്കേഷൻ | ഇൻവോയ്സ് നം. | എണ്ണം | വില | ആകെ വില (ടാക്സ് ഉൾപ്പെടെ |
|---|---|---|---|---|---|
| കേരള ആർട്ടിസാൻ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | Hard Wood Cushion Chair | NRO/22-23/994 22.3.23 | 4 | 4649 രൂപ | 18596 |
| ആർട്കോ | 1. High Back Revolving Fitting Hydraulic Cushion And Back | KKD 587/ 18.3.23 | 3 | 7884 | 27909 |
| | 2.zeebra Blindsdetails For 1M X1M | | 21.48 M2 | 4916 | 118267 |

3. GeM – മുഖേനയുള്ള വാങ്ങൽ പരിശോധിച്ചിട്ടില്ല

സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണീച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് ഇല്ലെങ്കിൽ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഫർണിച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയില്ല.

4. വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടി തീരുമാനിക്കുകയോ മിനുറ്റ്സ് എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല

മേൽപ്പറഞ്ഞ അപാകങ്ങളിൽ ഓഡിറ്റ് അന്വേഷണം (5/29.09.23) നല്കിയതിന് മറുപടി ലഭിച്ചില്ല.

ഓഡിറ്റ് നിർദ്ദേശം

1. പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിക്കേണ്ടതും വാങ്ങലുകളിൽ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

2. 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതുമാണ്.

1-21 മിനി എം. സി. എഫ്- മെറ്റീരിയൽ സപ്ലൈയറുടെ ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല

പ്രോജക്ട് -മിനി എം. സി. എഫ്

പ്രോജക്ട് നമ്പർ 246/23

അടങ്കൽ- 600000 കേന്ദ്രാവിഷ്കൃത ഫണ്ട്

ചെലവ് - 600000 കേന്ദ്രാവിഷ്കൃത ഫണ്ട്

നിർവ്വഹണം- സെക്രട്ടറി

ബിൽ നമ്പർ- 295/2.3.23

ഐ. ആർ.ടി സി പ്രോജക്ട് ഇംപ്ലിമെൻടേഷൻ യൂണിറ്റ് മുഖേന വിവിധ വാർഡുകളിൽ മിനി എം. സി.എഫുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമാക്കി മേൽ പദ്ധതി നടപ്പിലാക്കി. ഒരെണ്ണത്തിന് 50000 രൂപ നിരക്കിൽ 12 എണ്ണം മിനി എം. സി.എഫുകൾ ആകെ 600000 രൂപ ചെലവിൽ 12 വാർഡുകളിൽ സ്ഥാപിച്ചു. പദ്ധതി പൂർത്തീകരിച്ച് 600000 രൂപ സ്ഥാപനത്തിന് നൽകി. എന്നാൽ ടി തുകയിൽ നിന്നും 2% GST-TDS കുറവാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1) പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുകയുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്.

GST-TDS സോഴ്സിൽ നിന്നും കുറവ് വരുത്താത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 3/29.09.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

സർക്കാർ നിർദേശങ്ങൾക്ക് വിധേയമായി വാങ്ങലുകളിന്മേൽ 2% GST ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത തുക യഥാസമയം സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

1-22 ലാപ്ടോപ്പ് വാങ്ങിയതിൽ ജി എസ് ടി ബിൽ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി തൃത്താല പി.എച്ച്.സിയിലേക്കും മെയിൻ സെന്ററിലേക്കും ലാപ്ടോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

| | |
|---|---|
| പ്രോജക്ട് നം. പേര് | 114/23, തൃത്താല പി.എച്ച്.സിയിലേക്കും മെയിൻ സെന്ററിലേക്കും ലാപ്ടോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹125000/- (മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്) |
| ചെലവ് | ₹ 97900/- |
| ബിൽ നമ്പർ/തീയതി | 45/18.03.2023 |

മേൽ പദ്ധതി പ്രകാരം തൃത്താല പി എച്ച് സി യിലേക്ക് ലാപ്ടോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ലോക്കൽ പർച്ചേസ് മുഖേന ക്വട്ടേഷൻ ക്ഷണിച്ചാണ് പർച്ചേസ് നടത്തിയിരിക്കുന്നത്. CPRCS പോർട്ടൽ മുഖേന വാങ്ങുന്നതിന് ശ്രമിച്ചെങ്കിലും ആറുമാസത്തിൽ കുറയാത്ത കാലതാമസം വരുമെന്ന് അറിയിച്ചതിനാലാണ് ലോക്കൽ പർച്ചേസ് മുഖേന വാങ്ങിയതെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. CPRCS മുഖേന ലഭ്യമായില്ലെങ്കിൽ Gem Portal മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടത് ആയിരുന്നു എന്നാൽ അതിന് ശ്രമിച്ചിട്ടില്ല.

ക്വട്ടേഷനിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ പെർഫെക്റ്റ് കമ്പ്യൂട്ടേർസ് എന്ന സ്ഥാപനത്തിൽ നിന്നാണ് ലാപ്ടോപ്പ് പർച്ചേസ് നടത്തിയിരിക്കുന്നത്. സ്ഥാപനത്തിന്റെ ബിൽ (ബിൽ നമ്പർ1575/15.03.2023) സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1 | Hp155-FR4000TU-15 | 56000.00 |
| 2 | Hp155-FQ2717TU-13 | 41900.00 |
| | ആകെ | 97900.00 |

മേൽ സൂചിപ്പിച്ച ബില്ലിൽ ജി എസ് ടി നമ്പർ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ജി എസ് ടി രജിസ്ട്രേഷൻ ഉള്ള സ്ഥാപനത്തിൽ നിന്നാണ് പർച്ചേസ് നടത്തിയത് എന്ന കാര്യം വ്യക്തമല്ല. ജി എസ് ടി ടാക്സ് ഇൻവോയ്സ് ബിൽ ഹാജരാക്കിയിട്ടില്ല. ജി.എസ്.ടി അടവാക്കാതെ ഇത്തരത്തിൽ പർച്ചെയ്സ് നടത്തിയതിനു വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/05.10.2023) മറുപടി ലഭ്യമാക്കിയില്ല.

ജി എസ് ടി രജിസ്ട്രേഷൻ ഉള്ള സ്ഥാപനത്തിൽ നിന്നാണ് പർച്ചേസ് നടത്തിയത് എന്ന കാര്യത്തിൽ വ്യക്തത വരുത്തുകയോ, ജി എസ് ടി ടാക്സ് ഇൻവോയ്സ് ബിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

1-23 ലാപ്ട്ടോപ്പുകൾ വാങ്ങൽ -നിയമാനുസൃതം ടിഡിഎസ് കുറവ് വരുത്തിയിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി എസ്.സി ബിരുദ ബിരുദാനന്തര വിദ്യാർഥികൾക്കും, എസ്.സി പോളിടെക്നിക്ക് വിദ്യാർഥിനികൾക്കും ലാപ്ടോപ്പ് വിതരണത്തിനായി രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം./ പേര് | 205/23-ബിരുദ ബിരുദാനന്തര വിദ്യാർഥികൾക്കും, പോളിടെക്നിക്ക് വിദ്യാർഥിനികൾക്കും ലാപ്ടോപ്പ് |

| | |
|---|---|
| അടങ്കൽ | ₹ 680000 (വികസനഫണ്ട് - എസ്.സി.പി ) |
| ചെലവ് | ₹617780 |
| ബിൽ നം./ തീയതി | 20/31.03. 2023 |

2.

| | |
|---|---|
| ഡിപ്രോജക്റ്റ് നം./ പേര് | 48/23-ബിരുദ ബിരുദാനന്തര വിദ്യാർഥികൾക്കും, പോളിടെക്നിക്ക് വിദ്യാർഥിനികൾക്കും ലാപ്ടോപ്പ് |
| അടങ്കൽ (സ്പിൽ ഓവർ) | ₹747677(വികസനഫണ്ട് - എസ്.സി.പി ) |
| ചെലവ് | ₹645830 |
| ബിൽ നം. / തീയതി | 21/31.03.2023 |

എസ്.സി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠനസൗകര്യം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ മേൽ പദ്ധതികൾ പ്രകാരം യഥാക്രമം 617780രൂപ, 645830/- രൂപ ചെലവഴിച്ച് GeM പോർട്ടൽ മുഖേന 34 ലാപ്പ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

സ്ഥാപനങ്ങൾ - ലോജിക്ക് കമ്പ്യൂട്ടർസ് കൊപ്പം, ഐ.ടി പ്രൊഫഷണൽസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി , തിരുവനന്തപുരം

ഇൻവോയ്സ് നമ്പർ /തീയതി

1) LGQ22-23/97തീയതി :28.03.2023 ₹617780

2) IT22-23 L51 തീയതി:09.06.2022 ₹ 645830

എ) Cprcs മുഖേന ലാപ്പ്ടോപ്പ് വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല

ജി.ഒ(പി)നം.10/19/എസ്.പി.ഡി തിയതി 22-08-2019 പ്രകാരം സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും Cprcs (Centralised Procurement And Rate Contract System) മുഖേന വാങ്ങേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തി സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഖ.7.52 കൂട്ടിച്ചേർത്തിട്ടുണ്ട്. Cprcs ൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ GeM മുഖേനയോ മറ്റ് രീതിയിലോ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാവുന്നതാണ്. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും Cprcs മുഖേനയല്ലാതെ വാങ്ങുവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും Cprcs ൽ ഇല്ലെങ്കിൽ മാത്രം GeM മുഖേന വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) ബില്ലിൽ നിന്നും ജി .എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല

2017 ലെ സി.ജി.എസ്.ടി ആക്ട്/എസ്.ജി.എസ്.ടി ആക്ട് എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബി ല്ലിൽ നിന്നും 2% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ 2 ലെ പ്രോജക്റ്റ് പ്രകാരം 17 എണ്ണം കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ തുകയ്ക്ക് അനുസൃതമായി ജി.എസ്.ടി ടിഡി.എസ് കുറവ് വരുത്തിയിട്ടുണ്ടെങ്കിലും, ക്രമനമ്പർ 1 പ്രോജക്ടിൽ 617780/- രൂപ

ചെലവഴിച്ച് GeM പോർട്ടൽ മുഖേന 17 ലാപ്പ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തതിൽ GST-TDS സോഴ്സിൽ നിന്നും കുറവ് വരുത്താത്തതിന്റെ കാരണം വ്യക്തമാക്കാൻ 17/5.10.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

സർക്കാർ നിർദേശങ്ങൾക്ക് വിധേയമായി വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത തുക യഥാസമയം സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

1-24 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിനിയോഗ വിവരങ്ങൾ ലഭിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ മുണ്ടനാട്, ചെമ്മാംകുന്ന് കുടിവെള്ള പദ്ധതി കിണർ നിർമ്മാണത്തിന് കേരള വാട്ടർ അതോറിറ്റിയിലും, പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവർത്തിക്ക് കെ.എസ്.ഇ.ബിയിലും ഡെപ്പോസിറ്റ് പ്രവൃത്തിയിലൂടെ നിർവ്വഹിക്കുവാൻ ലക്ഷ്യമിട്ട് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

| ക്രമ നം | പ്രൊജക്റ്റ് നമ്പറും പേരും | നിർവ്വഹണ ഏജൻസി | അടങ്കൽ ഫണ്ടിനം | ചെലവ് ബിൽ നമ്പർ , തീയ്യതി | ബാക്കി |
|---|---|---|---|---|---|
| 1 | 267/23<br>മുണ്ടനാട്, ചെമ്മാംകുന്ന് കുടിവെള്ള പദ്ധതി കിണർ നിർമ്മാണം | കേരള വാട്ടർ അതോറിറ്റി | 1633526<br>ധനകാര്യ കമ്മീഷൻ അവാർഡ് | 1400000<br>P/143/ 27.03.2023 | 1400000 |
| 2 | 136/23<br>പോസ്റ്റ് ഷിഫ്റ്റിംഗ് | KSEB തുത്താല ഡിവിഷൻ | 100000<br>തനത് ഫണ്ട് | 46277-281/24.02.23<br>32147-296/ 2.3.23<br>16646-320/ 14.03.23 | 95070 |
| | | | ആകെ | | 1495070 |

ടി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നിർവ്വഹണ ഏജൻസിയുമായി കരാർ ഉടമ്പടി വച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 10/3.10.23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

1. ഡെപ്പോസിറ്റ് പ്രവൃത്തികൾ തുടങ്ങുന്നതിന് മുമ്പ് നിർവ്വഹണ ഏജൻസിയുമായി കരാർ ഉടമ്പടി ഒപ്പുവയ്ക്കേണ്ടതാണ്.

2.വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

<u>1-25 മോണിറ്ററിംഗ് കാര്യക്ഷമമല്ല</u>

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.14.(1) പ്രകാരം പ്രോജക്റ്റ് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റി, പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരിക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭഘട്ടത്തിലും പുരോഗമന ഘട്ടത്തിലും

പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ അസി.എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ കാര്യത്തിൽ മോണിറ്ററിംങ് സമിതികൾ ഇത്തരം വിലയിരുത്തൽ നടത്തിയതിന്റെ വിവരങ്ങൾ ഫയലിൽ കാണാൻ കഴിഞ്ഞില്ല.

1-26 ആസ്തിസംരക്ഷണംപദ്ധതി തയ്യാറാക്കിയിട്ടില്ല

സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (1) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കേണ്ടതാണ് എന്നും സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (2) പ്രകാരംഅംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

റോഡ് പ്രവൃത്തികൾ - പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ - ജി.ഒ (എം.എസ്) 84&86/2022 /ത.സ്വ.ഭ.വ/19.04.22 പ്രകാരമുള്ള ഡ്രെയ്നേജ് പ്ലാനും ആസ്തി സംരക്ഷണ പദ്ധതിയും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 ടോയ്‌ലെറ്റ് നവീകരണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടോയ്‌ലറ്റ് നവീകരണം (വ്യക്തിഗതം) എന്ന പദ്ധതി പ്രകാരം മുൻവർഷത്തെ ടോയ്‌ലറ്റ് നവീകരണം പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിക്കുവാനുള്ള ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ലീലാവതി, ഓണങ്ങാട്ടുമഠത്തിൽ | 5000 | 29.01.2022 |
| 2 | ശാരദ,കൊഴിഞ്ഞിൽ പറമ്പിൽ | 5000 | 29.01.2022 |
| 3 | യശോദ, കുന്നത്ത്കാവിൽ | 5000 | 29.01.2022 |
| 4 | ഉഷാകുമാരി,എടപ്പറമ്പിൽ | 5000 | 29.01.2022 |
| 5 | ജാനകി,കുന്നത്ത്കാവിൽ | 5000 | 29.01.2022 |
| 6 | ആയിഷ,ഉള്ളന്നൂർ | 5000 | 29.01.2022 |

| | | | |
|---|---|---|---|
| 7 | രമേഷ്,ഉള്ളന്നൂർ | 5000 | 29.01.2022 |
| 8 | ഹവ്വ ഉമ്മ,കല്ലിങ്കൽ | 5000 | 29.01.2022 |
| 9 | പരീത്,ഞാങ്ങാട്ടിരി | 5000 | 29.01.2022 |
| 10 | ശിവശങ്കരൻ, മാതംകുളങ്ങര | 5000 | 29.01.2022 |

ടോയ്‌ലറ്റ് നവീകരണത്തിനുള്ള ആകെ തുകയായ 9240/- രൂപയിൽആദ്യ ഗഡുവായി 5000/- രൂപ കൈപ്പറ്റി എങ്കിലും ഇതുവരെയായി ടോയ്‌ലറ്റ് നവീകരണം പൂർത്തിയായിട്ടില്ല.

ഗുണഭോക്താക്കൾ ടോയ്‌ലെറ്റ് നവീകരണം പൂർത്തീകരിക്കാനും അടുത്ത ഗഡു കൈപ്പറ്റാനും വൈകിയതിനുള്ള സാഹചര്യം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/30.09.2023) മറുപടി ലഭ്യമാക്കിയില്ല.

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കൾ ടോയ്‌ലെറ്റ് നവീകരണം പൂർത്തീകരിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർവിവരം അറിയിക്കേണ്ടതാണ്.

## 1-28 ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/ തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

### എ) പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി വിജ്ഞാപനം ചെയ്യൽ , യൂസർഫീ നിശ്ചയിക്കൽ

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച് 2016 ലെ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെ ചട്ടം 6(4), 12(3) പ്രകാരവും, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 219 ഡബ്ല്യൂ 219 എക്സ് വകുപ്പുകളിലെ നിർദ്ദേശപ്രകാരവും മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ ബൈലോ ഉണ്ടാക്കുന്നതിന് നിർദേശിച്ചിട്ടുണ്ട് ഗ്രാമപഞ്ചായത്ത് ബൈലോ തയ്യാറാക്കിയ വിവരം ലഭ്യമല്ല. എന്നാൽ വീടുകൾക്ക് 50 രൂപയും മറ്റ് സ്ഥാപനങ്ങൾക്ക് 100 രൂപയും യൂസർഫീ ആയി നിശ്ചയിച്ച് പിരിവ് നടത്തുന്നുണ്ട്

### ബി) ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണം

ഹരിതകർമ്മസേനയുടെ പ്രവർത്തനം 01.01.2017മുതലാണ് ആരംഭിച്ചിട്ടുള്ളത്. 17 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ നിലവിൽ 34 അംഗങ്ങളുണ്ട്. ആകെ 12800 എണ്ണം വീടുകളും വ്യാപാര സ്ഥാപനങ്ങളും പഞ്ചായത്തിലുണ്ട്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് പ്രധാനമായും ഹരിതകർമ്മസേനയിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത്. ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിൽ സൂക്ഷിച്ച് നിശ്ചിത ഇടവേളകളിൽ കയ്യൊഴിക്കുന്നുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. നിലവിൽ ലക്ഷ്യത്തിന്റെ 70% നേട്ടം കൈവരിക്കുവാൻ സാധിച്ചിട്ടുള്ളതായി വിലയിരുത്തുന്നു.

യൂസർഫീ കളക്ഷൻ പ്രതിമാസം ശരാശരി 50000 രൂപ മാത്രം ഉണ്ടായിരുന്നത് 2023 ഓഗസ്റ്റ് മാസത്തിൽ 160000 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ബോധവല്ക്കരണ പ്രവർത്തനങ്ങളുടെയും സേനാപ്രവർത്തകരുടെ ഗ്രൂപ്പ് സന്ദർശനങ്ങളുടെയും ഫലമായാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുള്ളത്.

ശരാശരി 6000 രൂപയാണ് പ്രതിമാസം ഒരു അംഗത്തിന് ലഭ്യമാകുന്നത്. ആയത് ഉയർത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

പ്രവർത്തനമാർഗ്ഗരേഖ പ്രകാരം ഹരിതകർമ്മസേനയ്ക്ക് വാഹനസൗകര്യം നൽകുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്തിനാണ്. തൻവർഷം ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങുന്നതിനുള്ള പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും വാഹനം ലഭ്യമാക്കിയിട്ടില്ല. എം.സി.എഫിലേക്ക് പോകാനുള്ള വഴി സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്. കുടിവെള്ളം, ടോയ്ലറ്റ് , വൈദ്യുതി എന്നീ സൗകര്യങ്ങൾ നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. ടെൻച്ചിംഗ് , ബെയ്ലിംഗ് , വെയിംഗ് മെഷിനുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) മെറ്റീരിയൽ കളക്ഷൻ ഫെ്സിലിറ്റി (എം.സി.എഫ് )

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 3ാം വാർഡിൽ മുടവന്നൂരിൽ ഒരു എം.സിഎഫ് നിലവിലുണ്ട്. എം.സി.എഫിൽ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. ബെയ്ലിംഗ് മെഷീൻ ഇല്ല. ഗ്രാമപഞ്ചായത്തിലുള്ള 17 വാർഡുകളിൽ 9ാംവാർഡിൽ മാത്രമാണ് മിനി എം.സി.എഫ് സ്ഥാപിച്ചിട്ടില്ലാത്തത്.

ഡി) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ് )

ബ്ലോക്ക്തലത്തിൽ ആർ.ആർ.എഫ് സംവിധാനം നിലവിലില്ല.

ഇ) ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2017/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിത കേരളം മിഷന് ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. നിലവിൽ ഗ്രാമപഞ്ചായത്ത് ഹരിതസഹായ സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടില്ല.

എഫ് ) മാലിന്യം കയ്യൊഴിക്കൽ

മാലിന്യ നീക്കത്തിനായി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. Rejected Waste സംസ്കരിക്കുന്നതിന് മേൽസ്ഥാപനത്തിന് കിലോ ഗ്രാമിന് എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമല്ല. ഒക്ടോബർ 2023 മുതലാണ് മാലിന്യങ്ങൾ ടി സ്ഥാപനത്തിന് നൽകി തുടങ്ങിയത്

കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് മാലിന്യവും മറ്റ് മാലിന്യങ്ങളും നൽകിയതിന് ഓഡിറ്റ് വർഷത്തിൽ ഹരിതകർമ്മസേനയ്ക്ക് തുകയൊന്നും ലഭ്യമായിട്ടില്ല.

ജി) ഹരിതമിത്രം ആപ്പിന്റെ നിലവിലെ സ്ഥിതി

കെൽട്രോണിന്റെ ഹരിതമിത്രം ആപ്പ് ഉപയോഗപ്പെടുത്തി ആകെ 382 വീടുകളിൽ ക്യൂ.ആർ കോഡ് സ്ഥാപിച്ചിട്ടുണ്ട്. ആപ്പ് ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നുണ്ട്.

എച്ച് ) അക്കൌണ്ട് നീക്കിയിരിപ്പ്

2022-23സാമ്പത്തിക വർഷാവസാനം ഹരിതകർമ്മസേനയുടെ കനറാ ബാങ്കിലെ അക്കൌണ്ടിൽ 30810 രൂപ നീക്കിയിരിപ്പുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) എല്ലാ വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിക്കേണ്ടതാണ്.

2) MCFന്റെ സുരക്ഷയും ആധുനികവല്ക്കരണവും ഉറപ്പാക്കേണ്ടതാണ്.

3) വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

4) യൂസർഫീ നൽകാത്തവർക്കെതിരെ ഗ്രാമപഞ്ചായത്ത് കർശന നടപടി സ്വീകരിക്കേണ്ടതാണ്.

5) യൂസർഫീ ക്ക് പുറമെ മറ്റ് സംരംഭക പ്രവർത്തനങ്ങളിലൂടെയുള്ള ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

6) പ്ലാസ്റ്റിക്ക് മാലിന്യം കൊണ്ടുപോകുന്ന സ്ഥാപനത്തിൽ നിന്നും കാലതാമസം കൂടാതെ തുക ഈടാക്കേണ്ടതാണ്. (22/06.10.2023 നമ്പർ ഓഡിറ്റ് അന്വേഷണം)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 26-9-2023 മുതൽ 06-10-2023 വരെ | ഈ റിപ്പോർട്ടിന്റെ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പട്ടാമ്പി | 2022-23 | 583000 | നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡ് (116/22-23) | 583000 | 0 |
| | 2020-21 | 1705520 | ലൈഫ് മിഷൻ തുക വകയിരുത്തൽ-SC | 0 | 1705520 |
| | 2020-21 | 24607 | ലൈഫ് മിഷൻ തുക വകയിരുത്തൽ-SC | 0 | 24607 |
| | 2022-23 | 100000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കൾക്ക് സ്കോളർഷിപ്പ് (119/22-23) | | |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2022-23 | 954421 | നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡി (116/22-23) | 954421 | 0 |
| | 2020-21 | 210071 | നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡി | 0 | 210071 |
| | 2022-23 | 400000 | ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (119/22-23) | 400000 | 0 |

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം താഴെ കൊടുത്തിട്ടുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 267/23 മുണ്ടനാട്, ചെമ്മാംകുന്ന് കുടിവെള്ള പദ്ധതി കിണർ നിർമ്മാണം | 1400000 P/143/27.03.2023 | 1400000 | 0 | 1400000 |
| കെ.എസ്.ഇ.ബി. തൃത്താല ഡിവിഷൻ | 136/23 പോസ്റ്റ് ഷിഫ്റ്റിംഗ് | 46277-281/24.02.23 32147-296/2.3.23 16646-320/14.03.23 | 95070 | 0 | 95070 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ്പ/ വായ്പ്പ തിരിച്ചടവ്

വായ്പ്പ/ വായ്പ്പ തിരിച്ചടവ്

| വായ്പയുടെ | ഉത്തരവ് | വർഷാരം | വരവ് | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/ തിയ്യതി | ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | | തിരിച്ചടച്ച തുക | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ.ഉ. (സാധാ) നം 68/2018 0 ത.സ്വ.ഭ.വ/ 18.05.18 | 10297060 | 2760000 | 1692669 | 11364391 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 308865 |
| പലിശ | 21470 |
| ആകെ | 330335 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 330335 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | 24-02-2023 | 12 മാസങ്ങൾ | 330335 | 21.12.22 ന് നിക്ഷേപം പുതുക്കേണ്ടതാണെങ്കിലും പുതുക്കിയിട്ടില്ല. |
| ആകെ | | | | 330335 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6968 /-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2019-20 | 3(1) | 2903 | ശ്രീ.നിഖിൽ റോയ്, അസി.എഞ്ചിനീയർ | 1220101594/ 07-07-2022 |
| 2020-21 | 1(19) | 4065 | ശ്രീ.നിഖിൽ റോയ്, അസി.എഞ്ചിനീയർ | 1220101595/ 07-07-2022 |
| | ആകെ | 6968/- | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3(1) | 2015-16 | 8(17) | കുടുംബശ്രീ തൊഴിൽ പരിശീലന പദ്ധതി സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | നിയമസഭാസമിതി അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 16545892 |
| ഓഡിറ്റ് വർഷത്തെ വരവ് | 51625168 |
| ആക | 68171060 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 47225428 |
| നീക്കിയിരിപ്പ് | 20945632 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | ഓഡിറ്റ് റിപ്പോർട്ട് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ |
|---|---|---|---|

| വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ-പി.കെ.ഡി. 20/1694/2017/ 05.03.18 | 5 |
| 99-2000 | | 8 |
| 2000-01 | | 1 |
| 2002-03 | | 3 |
| 2003-04 | | 1 |
| 2004-05 | | 3 |
| 2005-06 | | 5 |
| 2006-07 | | 3 |
| 2007-08 | | 2 |
| 2008-09 | | 11 |
| 2009-10 | | 10 |
| 2010-11 | | 15 |
| 2011-12 | | 9 |
| 2012-13&2013-14 | | 29 |
| 2014-15 | നം. കെ.എസ്.എ/ പി.കെ.ഡി-20/1318/16/31.07.16 | 18 |
| 2015-16 | നം. കെ.എസ്.എ/ പി.കെ.ഡി-20/2297/16/26.12.16 | 23 |
| 2016-17 | നം. കെ.എസ്.എ/ പി.കെ.ഡി-20/1964/17/19.9.17 | 16 |
| 2017-18 | നം. കെ.എസ്.എ/ പി.കെ.ഡി-20/1964/17/19.9.17 | 16 |
| 2018-19 | നം.കെ.എസ്.എ-പികെഡി20/110/2021 തിയതി: 09.04.2021 | 19 |
| 2019-20 | നം.കെ.എസ്.എ-പികെഡി20/22/2022 തിയതി: 14.02.2022 | 25 |
| 2020-21 | No.KSA PKD-P20/23/2022. /16.02.2022 | 36 |
| 2021-22 | No.KSA PKD-P20/633/2022. /20/04/2023 | 24 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 11(1) dated 25-07-2023 and submitted on 07-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thrithala Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thrithala Grama Panchayat for the year 2022-2023

Date: 29/11/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Thrithala Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Basic ratios and notes to accounts as per KPR(Accounts) Rules 2011 are not included with AFS.

**2.Other Observations**

1. Following defects are existing in the Cash flow statement:
As per cash flow statement "Net increase/decrease in cash and cash equivalents ÂÂÂ is Rs. 43,99,740. But "Net cash generated by Operating+Investing+Financing Activity in the same statement is recorded as Rs.56,60,008. As per the accounting standards the above figures should be identical.

2.Asset Register is not updated and linked with ILGMS. Hence the accuracy of the value of assets in the Balance Sheet could not be ascertained.

3.DCB figures of rent of shopping complex as per demand register does not match with AFS.

| | Demand | Collection | Balance |
|---|---|---|---|
| As per register | 6,90,660 | 6,06,494 | 85978 |
| As per AFS | 5,85,312 (I3-Head code 130100101) | 5,64,926 (RP45 Head code 431400101) | 20,386 (BS-15 Head code- 431400101) |

4.Cheques deposited but not collected exists even after a period of six months (A/C No-67070851452, State Bank of India,Thrithala Branch).

5.As per Rule 46 of Kerala Panchayath Raj(Accounts) Rules 2011, further actions are not taken in the case of time barred cheques.(A/C No-1047, Thrithala Service Co operative Bank)

6. Rs.34,000 directly debited by bank remains unexplained.

7.Before time barring of cheques, it has been included under the head Liability in respect of stale cheque account.

8.Annual abstract is not written in Profession tax register and Licence register .

9.Difference of Rs. 38,350 exists under the head Profession tax of employees between I&E and R&P Statements

10.MGNREGS closing balanace as per RP(40b) is Rs.14,66,648 . As per Balance sheet schedule (B4) it is 14,66,273 . There is a difference 0f Rs. 375.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ഓഡിറ്റ് ചെയ്ത വാർഷികക്കണക്കുകളുടെ സംക്ഷിപ്തം

1) Receipt and Payment Report

For the period from 01-04-2022 to 31-03-2023

| Code | Head Account | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| Opening Balance | | | |
| 450000000 | Cash and Bank balance | RP-40(a) | 16,545,892.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,349,730.00 |
| 140000000 | Fees & User Charges | RP-4 | 950,563.00 |
| 150000000 | Sale & Hire Charges | RP-5 | 165,813.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11,595,000.00 |
| 171000000 | Interest Earned | RP-9 | 235,425.00 |
| 190000000 | Prior Period Income | RP-11 | 10,200.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14,513,663.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 18,807,476.00 |
| 460000000 | Loans, Advances and Deposits | RP-49 | 147,881.00 |
| Non-Operating | | | |
| 180000000 | Other Income | RP-10 | 6,968.00 |
| 330000000 | Secured Loans | RP-31 | 2,760,000.00 |
| 340000000 | Deposits Received | RP-33 | 20,168.00 |
| 350000000 | Other Liabilities | RP-35 | 1,062,281.00 |
| | Total : | | 68,171,060.00 |
| Payments | | | |
| Operating | | | |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-13 | 30,000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11,927.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 10,513,951.00 |
| 460000000 | Loans, Advances and Deposits | RP-49 | 1,736,063.00 |
| Non-Operating | | | |
| 340000000 | Deposits Received | RP-33 | 40,289.00 |
| 350000000 | Other Liabilities | RP-35 | 34,893,198.00 |

| Closing Balance<br>For the period from 01-04-2022 to 31-03-2023 | | | |
|---|---|---|---|
| Code | Head Account | Schedule No. | Current Year Amount (Rs.) |
| 450000000 | Cash and Bank balance | RP-40(b) | 20,945,632.00 |
| | Total : | | 68,171,060.00 |

2)Income & Expenditure Statement

For the period from 01-04-2022 to 31-03-2023

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 110000000 | Tax Revenue | I-1 | 8,193,138.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat Properties | I-3 | 585,312.00 |
| 140000000 | Fees & User Charges | I-4 | 1,379,757.00 |
| 150000000 | Sales & Hire Charges | I-5 | 169,058.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 118,919,350.00 |
| 170000000 | Income from Investments | I-7 | 21,470.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 235,425.00 |
| 180000000 | Other Income | I-9 | 6,968.00 |
| A | Total - INCOME | | 129,510,478.00 |
| 210000000 | Establishment Expenses | I-10 | 11,586,240.00 |
| 220000000 | Administrative Expenses | I-11 | 1,345,206.00 |
| 230000000 | Operations & Maintenance | I-12 | 4,096,406.00 |
| 240000000 | Interest & Finance Charges | I-13 | 658.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 6,730,835.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 32,423,697.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 10,926,819.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 15,143,497.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 45,179,020.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 46,156.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 0.00 |
| 270000000 | Provisions & | I-16 | 0.00 |

| | | | |
|---|---|---|---|
| | Write off | | |
| 271000000 | Miscellaneous Expenses on Disposal of Assets and Invenstments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 1,425,391.00 |
| 190000000 | Prior Period Income | I-19 | 66,350.00 |
| B | B - Total : EXPENDITURE | | 128,903,925.00 |
| C = A-B | Gross Surplus / (deficit) of income over expenditure<br><br>before Prior Period Items. | | 606,553.00 |
| 190000000 | Prior period Income | I-19 | 66,350.00 |
| 290000000 | Prior period Expenses | I-18 | 0.00 |
| D | Net Difference | I-19 - I-18 | 66,350.00 |

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| E | Gross Surplus / (deficit) of income over expenditure after Prior Period Items. | | 672,903.00 |
| 290000000 | Transfer to Reverse Funds | | |
| | Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | | |

3)Balance Sheet
Balance Sheet as on 31-03-2023

| Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|
| 310000000 | Panchayat (General) Fund | B-1 | 19,756,114.00 |
| 311000000 | Earmarked Funds | B-2 | 874.00 |
| 312000000 | Reserves | B-3 | 66,056,290.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds and Contributions for specific purposes | B-4 | 13,833,210.00 |
| 330000000 | Secured Loans | B-5 | 11,364,391.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| 340000000 | Deposits Received | B-7 | 805,638.00 |
| 341000000 | Deposit works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 3,082,293.00 |
| 360000000 | Provisions | B-10 | 440,726.00 |
| | Total : | | 115,339,536.00 |
| 410000000 | Fixed Assets | B-11 | 1,004,160.00 |
| 412000000 | Capital Work-in-Progress | B-11(b) | 932,464.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 767,112.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 9,194,358.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 82,726,804.00 |
| 416000000 | Accumulated Depreciation | B-11(a) | -28,774,091.00 |
| 420000000 | Investment –General Fund | B-12 | 330,335.00 |
| 421000000 | Sundry Debtors # | B-13 | 0.00 |
| 430000000 | Stock in Hand (Inventories) | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 12,128,705.00 |
| 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | 0.00 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | B-16 | 9,464,391.00 |
| 450000000 | Cash and Bank Balance | B-17 | 20,945,632.00 |
| 460000000 | Loans, advances and deposits | B-18 | 6,619,666.00 |
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0.00 |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | Total : | | 115,339,536.00 |

DEPUTY DIRECTOR